പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1683 | 03.05.2017 ൽ മറുപടി നല്കേണ്ടത്. |

**രാസവസ്തുക്കൾ ഉപയോഗിക്കുന്ന മത്സ്യ വില്പന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഡി.കെ . മുരളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഫോർമാലിനിൽ സൂക്ഷിക്കുന്നതും മറ്റ് രാസവസ്തുക്കൾ ഉപയോഗിക്കുന്നതുമായ മത്സ്യം വ്യാപകമായി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | ബി) | മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സർക്കാർ 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ പരിശോധനകൾ ആരംഭിച്ചു. ഇതു പ്രകാരം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അവബോധന ക്ലാസ്സുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയുണ്ടായി. ഇതുകൂടാതെ മത്സ്യം, ഐസ് എന്നിവയുടെ 420 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ചു പരിശോധിപ്പിച്ചിട്ടുണ്ട്. |
| സി) | ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട്; നടപടികൾ വ്യക്തമാക്കുമോ? | സി) | ഇപ്പോൾ നിരീക്ഷണം എന്ന രീതിയിലാണ് പരിശോധനകൾ നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ കേസുകളൊന്നും എടുത്തിട്ടില്ല. എന്നാൽ ഓപ്പറേഷൻ സാഗർറാണിയുടെ അടുത്ത ഘട്ടത്തിൽ നിയമപരമായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുമ്പോൾ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ